ഉത്തരം

(എ) പ്രാഥമിക തലത്തിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസ പദ്ധതികൾ ഒന്നും നടപ്പാക്കിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ ഹൈസ്കൂൾ ക്ലാസ്സുകളിൽ ഐ. റ്റി. അറ്റ് സ്കൂൾ പ്രോജക്ട് എന്ന സ്കീം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സർക്കാർ എയ്ഡഡ് സ്കൂളുകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) 2003-2004 വർഷം മുതൽ 8, 9 ക്ലാസ്സുകളിൽ കമ്പ്യൂട്ടർ പഠനം നിർബന്ധമാക്കിയിട്ടുണ്ട്. അതിനാൽ കമ്പ്യൂട്ടർ പഠനം എയ്ഡഡ് ഹൈസ്കൂളുകളിലും നിർബന്ധ വിഷയമാണ്.

സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ./അൺഎയ്ഡഡ് സ്കൂളുകളിൽ ഓരോ ക്ലാസ്സിലും പ്രവേശിപ്പിക്കാവുന്ന പരമാവധി കുട്ടികൾ

97 [5077] ശ്രീ. എ. എൻ. രാജൻ ബാബു:
„ കെ. കെ. ഷാജു:
„ ജോണി നെല്ലൂർ:
„ ഉമേഷ് ചള്ളിയിൽ:
„ ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ./അൺഎയ്ഡഡ് സ്കൂളുകളിൽ ഓരോ ക്ലാസ്സിലും പ്രവേശിപ്പിക്കാവുന്ന പരമാവധി കുട്ടികളുടെ അംഗസംഖ്യ നിജപ്പെടുത്തിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ ചില സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളിൽ ഒരു ക്ലാസ്സിൽ 60-നും 75-നും ഇടയ്ക്ക് കുട്ടികളെയിരുത്തി അദ്ധ്യയനം നടത്തുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു തടയാൻ സർക്കാർ എന്തു നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—ഡി) ഇല്ല. ഈ സ്കൂളുകൾ സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലല്ലാത്തതിനാൽ പ്രവേശനം സംബന്ധിച്ച നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി സ്കൂളുകളിലെ പ്രവേശനം സംബന്ധിച്ച നിർദ്ദേശങ്ങൾ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. ബോർഡുകളാണ് പുറപ്പെടുവിക്കുന്നത്.

പരീക്ഷകളിലെ ക്രമക്കേടുകൾ

98 [5078] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കഴിഞ്ഞ വർഷത്തെ എസ്.എസ്.എൽ.സി. ഹയർ സെക്കണ്ടറി പരീക്ഷകളിലെ ക്രമക്കേടുകൾ തടയുന്നതിന് സർക്കാർ തലത്തിൽ സ്പെഷ്യൽ സ്ക്വാഡുകൾ ഏർപ്പെടുത്തിയിരുന്നുവോ; എങ്കിൽ എത്ര സ്ക്വാഡുകളാണ് പ്രവർത്തിച്ചത്; ഇതിനായി എത്ര തുക ചെലവഴിച്ചു;

(ബി) ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സർക്കാരിന് എത്ര റിപ്പോർട്ടുകൾ കിട്ടി; റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട എത്ര ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിച്ചു; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്രമക്കേടുകൾ പരിശോധിക്കുന്നതിന് സ്പെഷ്യൽ സ്ക്വാഡുകൾ ഏർപ്പെടുത്തിയിരുന്നു. ഏഴ് സ്ക്വാഡുകൾ ഉണ്ടായിരുന്നു. യാത്രാപ്പടി തുടങ്ങിയവ സംബന്ധിച്ച് സ്ക്വാഡംഗങ്ങൾ ക്ലൈയിം/ബില്ലുകൾ നൽകിയിട്ടില്ല. ബില്ലുകൾ പാസ്സാക്കി തുക കൈപ്പറ്റിയതിനുശേഷമേ ചെലവായ തുക കൃത്യമായി കണക്കാക്കാൻ കഴിയുകയുള്ളൂ.

(ബി) അതാതു ദിവസം സ്ക്വാഡുകൾ ശ്രദ്ധയിൽപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച റിപ്പോർട്ടുകൾ സർക്കാരിന് അയച്ചുകൊടുക്കുകയും നടപടികൾ യഥാവസരം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്ക്വാഡംഗങ്ങൾ അപ്പപ്പോൾ ശ്രദ്ധയിൽപ്പെട്ട ക്രമക്കേടുകൾ പരീക്ഷാ സെന്ററുകളിലെ ചീഫ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം യഥാവസരം ഉണ്ടാക്കിയിട്ടുണ്ട്.

(സി) ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിക്കേണ്ട സാഹചര്യങ്ങൾ ഉണ്ടായിട്ടില്ല.

സർക്കാർ വിദ്യാലയങ്ങളിൽ ഉണ്ടായ അദ്ധ്യാപക ഒഴിവുകൾ

99 [5079] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ലൂഡി ലൂയിസ്:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. ഇ. എം. അഗസ്തി:
,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മാർച്ച് 31, 2002 മാർച്ച് 31, 2003 മാർച്ച് 31 എന്നീ തീയതികളിൽ ഗവൺമെന്റ് സ്കൂളുകളിൽ നിന്നും എത്ര റിട്ടയർമെന്റുണ്ടായി എന്നും തുടർന്ന് എത്രപേർക്ക് എച്ച്. എം. ആയി പ്രൊമോഷൻ നൽകിയെന്നും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ;

(ബി) ഇതിന്റെ ഫലമായി എത്ര സ്ഥിരം ഒഴിവുകൾ ഓരോ ജില്ലയിലുമുണ്ടായി;

LIBRARY ARCHIVES Kerala Legislative Assembly